(ബി) ഉണ്ടെങ്കിൽ കരാറിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ റോഡ് വികസന പദ്ധതികൾക്ക് ലോകബാങ്കിൽ നിന്നും ലഭിക്കുന്ന സഹായധനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ലോകബാങ്ക് സഹായത്തോടെ ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന റോഡ് വികസന പദ്ധതികൾ ഏതാക്കെയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലോകബാങ്കിൽനിന്ന് ലഭിക്കുന്ന തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന സർക്കാരിന് Additional central assistance ആയിട്ടാണ് നൽകുന്നത്. ഈ തുക 2007 ജൂണ 15 മുതൽ 30 അർദ്ധ വാർഷിക ഗഡുക്കളായിട്ടാണ് തിരിച്ചടയ്ക്കേണ്ടത് (കരാർ വ്യവസ്ഥകൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.) †

(സി) 1236 കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. ഇതിൽ 70% ലോണും 30% ഗ്രാന്റും ആണ്.

(ഡി) 43 ഹെവി മെയിന്റനൻസ് പദ്ധതികളും 6 അപ്ഗ്രഡേഷൻ പദ്ധതികളും കെ. എസ്. ടി. പി. ഏറെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം 2 ആയി വച്ചിട്ടുണ്ട്. †

പൊതുമരാമത്ത് വകുപ്പിലെ റോഡ്, പാലം മുതലായവയുടെ നിർമ്മാണ നവീകരണം

128 [2307] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ റോഡ്, പാലം മുതലായവയുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെങ്കിലും പ്രത്യേക സംവിധാനം രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ലാൻഡ് അക്വിസിഷൻ നടപടികളിലെ കാലതാമസം ഒഴിവാക്കാൻ ഈ സംവിധാനം പൊതുമരാമത്ത് വകുപ്പിൻകീഴിൽ പ്രത്യേകമായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത് പ്രായോഗികമല്ലെങ്കിൽ നിലവിൽ റവന്യൂ വകുപ്പിൻ കീഴിലെ ലാൻഡ് അക്വിസിഷൻ വിഭാഗം ശക്തിപ്പെടുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ദേശീയപാതാ വിഭാഗത്തിൽ റോഡ്, പാലം മുതലായ നിർമ്മാണ നവീകരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഇപ്പോഴത്തെ സംവിധാനം നിലവിലുണ്ട്. നിർമ്മാണ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ശക്തവുമാക്കുന്നതിന് കെ. എസ്. ടി. പി.-യുടെ ഭാഗമായി ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെംഗ്തനിംഗ് ആക്ഷൻ പ്ലാൻ (ഐ. എസ്. എ. പി.) നടത്തിവരുന്നുണ്ട്. ആധുനിക രീതിയിൽ അവലംബിച്ചുകൊണ്ട് വിവിധ മേഖലകളിൽ നവീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) ലാൻറ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തുവാൻ ഇപ്പോൾ സർക്കാർ Fast Track Project എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കെ. എസ്. ടി. പി.-യുടെ കീഴിൽ ലാൻറ് അക്വിസിഷൻ നടപടികൾക്ക് പ്രത്യേക സംവിധാനമുണ്ട്.

ഡയറക്ട് എക്സിക്യൂഷൻ സമ്പ്രദായത്തിൽ നിർവ്വഹിച്ചിട്ടുള്ള മരാമത്ത് പണികൾ

129 [2308] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പൊതുമരാമത്ത് വകുപ്പ് ഡയറക്ട് എക്സിക്യൂഷൻ സമ്പ്രദായത്തിൽ നിർവ്വഹിച്ചിട്ടുള്ള മരാമത്ത് പണികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2005-06 വർഷത്തിൽ വകുപ്പ് നേരിട്ട് നടത്തുവാൻ അധികാരം നൽകിയിട്ടുള്ള മരാമത്ത് പണികളുടെ വിശദാംശങ്ങൾ തുക ഉൾപ്പെടെ ജില്ല തിരിച്ച് പറയാമോ;

(സി) വകുപ്പ് നേരിട്ട് നടത്തുന്ന നിർമ്മാണപ്രവൃത്തികൾക്ക് അടങ്കൽ തുകയേക്കാൾ കൂടുതൽ ഉയർന്ന നിരക്ക് അനുവദിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പൊതുമരാമത്ത് വകുപ്പ് ഡയറക്ട് എക്സിക്യൂഷൻ സമ്പ്രദായത്തിൽ കെട്ടിട വിഭാഗത്തിൽ 23,66,69,653 രൂപയുടെ പണികളും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 30.69 കോടി രൂപയുടെ പണികളും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണ്.

(ബി) കെട്ടിട വിഭാഗം:

(1) കെ. എസ്. ടി. പി.-ക്ക് വേണ്ടി പബ്ലിക് ആഫീസിൽ അഡീഷണൽ ഫ്ലോർ നിർമ്മാണം—ഏകദേശം 55 ലക്ഷം രൂപ.

(2) സെക്രട്ടേറിയറ്റിൽ ജനറേറ്റർ റൂമിന്റെ സബ്സ്റ്റേഷൻ നിർമ്മാണം—75 ലക്ഷം രൂപ.

(3) സെക്രട്ടേറിയറ്റിൽ കോൺഗ്രീറ്റ് ഡക്ട് നിർമ്മാണം—70 ലക്ഷം രൂപ.

(4) ടൂറിസം വകുപ്പിൽ മുംബൈ കേരളാ ഹൗസിന്റെ നിർമ്മാണത്തിനുവേണ്ടി—4 കോടി രൂപ.

നിരത്തുകളും പാലങ്ങളും വിഭാഗം:

(1) ആറ്റിങ്ങൽ ഒന്നാം പാലം—946 ലക്ഷം.

(2) മീരാൻ കടവ് പാലം—1319 ലക്ഷം.

(3) എരുമേലി ടൗണിൽ റിംഗ് റോഡ് നിർമ്മാണം—353 ലക്ഷം.

(4) മുറിഞ്ഞപുഴ പാലത്തിന്റെ പുനർ നിർമ്മാണം—750 ലക്ഷം.

(5) ചിറയ്ക്കൽ കാട്ടാമ്പള്ളി—മയ്യിൽ—കോളാട് റോഡിൽ മയ്യിൽ പരിഷ്കരണം—73 ലക്ഷം.

LIBRARY ARCHIVES Kerala Legislative Assembly